ഭരണഭാഷ - മാതൃഭാഷ

സർവ്വെയുംഭൂരേഖയുംവകുപ്പ്
സർവ്വെ ഡയറക്ടറുടെ കാര്യാലയം
വഴുതക്കാട്, തിരുവനന്തപുരം-14
Ph:0471-2325266,Fax:2338210
Email:dir-tvm.syr@kerala.gov.in
dydir1-tvm.syr@kerala.gov.in

തീയതി:04/02/2019

## സർക്കുലർ

വിഷയം : വിവരാവകാശനിയമം 2005 പ്രകാരമുള്ള അപേക്ഷകളിൻമേൽ യഥാസമയം വിവരങ്ങൾ നല്കുന്നത് - സംബന്ധിച്ച്

സൂചന : സർവ്വെ ഡയറക്ടറുടെ 08/03/2018 ലെ ജെ3-21271/2017 നമ്പർ നടപടിക്രമം

*************

ഈ കാര്യാലയത്തിൽ വിവരാവകാശനിയമ പ്രകാരം നടപടിയുള്ള ഫയലുകൾ ബന്ധപ്പെട്ട സെക്ഷൻ മേധാവി അംഗീകരിച്ചതിന് ശേഷം സമയപരിധിക്കുള്ളിൽ വിവരങ്ങൾ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർക്ക് നല്കുന്നതിലേക്കായി സെക്ഷൻ മേധാവികളെ അസിസ്റ്റന്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമായി സൂചന പ്രകാരം നിയമിച്ച് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ വിവരാവകാശനിയമം 2005 വകുപ്പ് 5(4) പാലിച്ച്, യഥാസമയം സെക്ഷൻ മേധാവികൾ വിവരങ്ങൾ നൽകാതിരിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുള്ളതാണ്. ഇത്തരത്തിൽ വിവരങ്ങൾ നൽകാതിരിക്കുന്ന ഉദ്യോഗസ്ഥർക്ക് (deemed SPIO ആയി) പിഴ ശിക്ഷ ലഭിക്കുവാൻ വിവരാവകാശനിയമം വകുപ്പ് 5(5) പ്രകാരം വ്യവസ്ഥയുണ്ട്. ആകയാൽ താഴെ പറയുന്ന കാര്യങ്ങൾ കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നൽകുന്നു.

1) ഈ കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാർ വിവരാവകാശനിയമം വകുപ്പ് 5(4) പ്രകാരം സഹായം ആവശ്യപ്പെടുമ്പോൾ ബന്ധപ്പെട്ട സെക്ഷൻ മേധാവികൾ (APIO) സമയക്ലിപ്തത പാലിച്ച് വ്യക്തമായ വിവരങ്ങൾ നൽകേണ്ടതാണ്.

2) സർക്കാരിന്റെ 1-10-2010 ലെ G.O(P) 34/10/P&ARD നമ്പർ സർക്കുലർ പ്രകാരം വിവരാവകാശ രജിസ്റ്റർ എല്ലാ സെക്ഷനുകളിലും എഴുതി സൂക്ഷിക്കേണ്ടതാണ്.

Signature Not Verified
Digitally signed by PATIL AJIT BHAGWA TRAO
Date: 2019.02.04 15:54:22 IST
Reason: Approved

സർവ്വേ ഡയറക്ടർ